**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3273** **04-08-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് റിലീഫ് പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ്- 19 മഹാമാരിയുടെ ആദ്യ ഘട്ടത്തിൽ സർക്കാർ പ്രഖ്യാപിച്ച 20000 കോടി രൂപയുടെ സമഗ്ര കോവിഡ് റിലീഫ് പാക്കേജ് മുഖേന സംസ്ഥനത്ത് നടപ്പിലാക്കിയ ആരോഗ്യക്ഷേമ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ദേശീയ ആരോഗ്യമിഷൻ മുഖേന താഴെ പറയുന്ന ഫണ്ടുകൾ അനുവദിച്ചിട്ടുണ്ട്. 1. സംസ്ഥാന ദുരന്ത നിവാരണ സമിതി മുഖേന 70.69 കോടി രൂപ അനുവദിച്ചു. ഇതിൽ 54.87 കോടി രൂപ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായാണ് വിനിയോഗിച്ചിരിക്കുന്നത്. (എ) ക്വാറന്റൈൻ, ഐസോലേഷൻ തുടങ്ങിയവയ്ക്കായുള്ള അറ്റകുറ്റ പണികൾ,കൺട്രോൾ കാൾ സെന്ററുകളുടെ പ്രവർത്തനം, ട്രെയിനിംഗുകൾ, സാംപിൾ കളക്ഷൻ, ലോജിസ്റ്റിക്സ് മുതലായവയാണ്. 2. ആശുപത്രി വികസന സമിതികൾക്കുള്ള ഫണ്ടുകൾ ഇതുവരെ 57.36 കോടി രൂപ ഇതിനായി അനുവദിച്ചു. കോവിഡ് സാഹചര്യത്തിൽ ആശുപത്രികളുടെ വരുമാനം കുറഞ്ഞതിനാൽ ആശുപത്രി വികസന സമിതികൾ മുഖേന ജീവനക്കാരുടെ വേതനം, മറ്റ് അവശ്യകാര്യങ്ങൾക്കുമായാണ് ഈ ഫണ്ട് അനുവദിച്ചിരിക്കുന്നത്. 3. കോവിഡ് ബ്രിഗേഡ് ഫണ്ട് കരാർ ജീവനക്കാർക്കുള്ള ഇൻസന്റീവും അലവൻസും ഇതുവരെ 145.42 കോടി അനുവദിച്ചിരുന്നു. |
| (ബി) | പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിൽ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | എല്ലാ ജില്ലകൾക്കുമൊപ്പം വയനാട് ജില്ലയ്ക്കും മുകളിൽ പ്രതിപാദിച്ചിരിക്കുന്നവയിൽ നിന്നും അനുവദിച്ച ഫണ്ടുകൾ താഴെ പറയുന്നു. സംസ്ഥാന ദുരന്തനിവാരണ സമിതി - 125 ലക്ഷം ആശുപത്രി വികസന സമിതി - 212.76 ലക്ഷം കരാർ ജീവനക്കർക്കുള്ള ഇൻസന്റീവും അലവൻസും - 665.940ലക്ഷം |

സെക്ഷൻ ഓഫീസർ